# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ഒക്ടോബർ 5, ബുധൻ

**No. 23**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

സ്വാശ്രയ മെഡിക്കൽ കോളേജ് ഫീസ് വർദ്ധനയിലും പ്രവേശനത്തിലുള്ള ക്രമക്കേടിലും പ്രതിഷേധിച്ച് നിയമസഭാ കവാടത്തിൽ എം.എൽ.എ.മാർ നടത്തിവന്നിരുന്ന നിരാഹാര സത്യാഗ്രഹ സമരം ഒത്തുതീർപ്പാക്കാൻ തയ്യാറാകാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി സഭാ നടപടികൾ തടസ്സപ്പെടുത്തിയതുകാരണം ചോദ്യോത്തരവേള രാവിലെ 8.33-ന് സ്പീക്കർ നിർത്തിവച്ചു.

9.33-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും നിയമസഭ സമ്മേളിച്ചു

മുൻദിവസം സ്വാശ്രയ കോളേജ് മാനേജ്മെന്റുമായി നടത്തിയ ചർച്ച സംബന്ധിച്ച് മുഖ്യമന്ത്രി ഒരു പ്രസ്താവന നടത്തി. വീണ്ടും പ്രതിപക്ഷം ബഹളം തുടർന്നതിനാൽ സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ സ്പീക്കർ ചോദ്യോത്തരവേള, ശ്രദ്ധ ക്ഷണിക്കൽ, ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിക്കുന്ന വിഷയങ്ങൾ എന്നിവ റദ്ദ് ചെയ്യുന്നതായി അറിയിക്കുകയും തുടർന്നുള്ള കാര്യ പരിപാടിയിലേക്ക് കടക്കുകയും ചെയ്തു.

<u>സഭാ സമ്മേളനം സംബന്ധിച്ച പ്രമേയം</u> :

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു:

"സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യത്തിൽ ഇന്ന് പരിഗണിക്കുവാനിരുന്ന ധനാഭ്യർത്ഥനകളോടൊപ്പം 2016 ഒക്ടോബർ 6-ാം തീയതിയിൽ സഭ പരിഗണിക്കുവാനിരുന്ന ധനാഭ്യർത്ഥനകൾ കൂടി പരിഗണിക്കുവാനും ഒക്ടോബർ 6-ാം തീയതിയിലെ സഭാ സമ്മേളനം ഒഴിവാക്കുവാനും ഈ സഭ തീരുമാനിക്കുന്നു."

KNPP. 3/2017(i).

മേശപ്പുറത്തു വച്ച കടലാസുകൾ :

താഴെപ്പറയുന്ന കടലാസുകൾ സഭയുടെ മേശപ്പുറത്തുവച്ചു

ചട്ടം 47(2) പ്രകാരം

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 2781-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും

റിപ്പോർട്ട് സമർപ്പണം :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു

1. സബ്ജക്ട് കമ്മിറ്റി II-ന്റെ 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട്.
2. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

ധനകാര്യം :

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ചു. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥന, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥന, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ചു. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് XVII, XVIII,

XIX, XLVI എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ സഭയുടെ മേശപ്പുറത്തുവച്ചു. ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ സഭ പാസ്സാക്കി.

2016 ഒക്ടോബർ 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 9.52-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Second Session**

# BULLETIN—PART I

(Brief Record of proceedings)

*Wednesday 5, October 2016*

**No. 23**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

Members belonging to the opposition moved to the well of the House and tried to disrupt the proceedings in protest of the evasive attitude of the Government towards the hunger strike staged by some Members belonging to the opposition parties against the hike in fee structure of and corruption in admission to self financing Medical Colleges. As it was difficult to carry out the business amidst the pandemonium, Speaker temporarily adjourned the house at 8.33 a.m.

The House reassembled at 9.30 a.m. The Chief Minister made a brief statement about the discussion held the other day with the Management of self financing medical colleges.

Since the opposition continued to disrupt the proceedings, the Speaker made an announcement that the question hour, calling attention and matter under Rule 304 were suspended for the day and moved to the next business.

*Motion regarding sittings of the Assembly :*

The House adopted the following motion moved by the Hon'ble Chief Minister Shri Pinarayi Vijayan:

"സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യത്തിൽ ഇന്ന് പരിഗണിക്കുവാനിരുന്ന ധനാഭ്യർത്ഥനകളോടൊപ്പം 2016 ഒക്ടോബർ 6-ാം തീയതിയിൽ സഭ പരിഗണിക്കുവാനിരുന്ന ധനാഭ്യർത്ഥനകൾ കൂടി പരിഗണിക്കുവാനും ഒക്ടോബർ 6-ാം തീയതിയിലെ സഭാസമ്മേളനം ഒഴിവാക്കുവാനും ഈ സഭ തീരുമാനിക്കുന്നു."

*Papers laid on the table :*

The following papers were laid on the Table:

*As per Rule 47(2) :*

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 2781-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

*Presentation of Reports :*

The following reports were presented:

1. The Report of the Subject Committee II on the Kerala Devaswom Recruitment Board (Amendment) Bill, 2016.
2. The periodical Report of Subject Committee VI as on 31st March, 2016.

*Financial Business:*

<u>Discussion and voting on Demands for Grants in the Revised Budget for the Financial Year 2016-2017</u>

Prof. C. Raveendranath, Minister for Education moved Demand No. XVII—Education, Sports, Art and Culture for the amount shown against it under column 9 in the list of Demands for Grants. Smt. K. K. Shailaja Teacher, Minister for Health and Social Justice moved Demand No. XVIII—Medical and Public Health, XIX—Family Welfare, XLVI—Social Security and Welfare for the amounts shown respectively against them under column 9 in the list of Demands for Grants. Dr. T. M. Thomas Isaac, Minister for Finance and Coir laid on the Table the statement under Rule 236(3) relating to Demand Nos. XVII, XVIII, XIX and XLVI.

Cut Motions were not moved.

The moved Demands were adopted by the House without any discussion.

The House adjourned at 9.52 a.m. to meet again at 8.30 a.m. on Monday, October 17.

V. K. Babu Prakash,
*Secretary.*